# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം.3178 11-05-2017-ലെ മറുപടിക്ക്

**ചോദ്യം** **ഉത്തരം**

ശ്രീ.അബ്ദുൽ ഹമീദ് പി. ഡോ.ടി.എം. തോമസ് ഐസക്

ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

**നോട്ട് നിരോധനത്തിനുശേഷം രണ്ടാമതും നോട്ട് ക്ഷാമം ഉണ്ടാകാനുള്ള കാരണങ്ങൾ**

| | | |
|---|---|---|
| (എ) | സംസ്ഥാനത്ത് നോട്ട് നിരോധനത്തിനുശേഷം രണ്ടാമതും നോട്ട് ക്ഷാമം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ ; | കേന്ദ്ര സർക്കാർ നടപ്പിലാക്കിയ നോട്ട് അസാധു വാക്കലിന്റെ ഫലമായി സംസ്ഥാനത്ത് അതിരൂക്ഷമായ കറൻസി ദൗർലഭ്യമാണ് അനുഭവപ്പെട്ടുവരുന്നത്. പ്രസ്തുത കറൻസി ക്ഷാമത്തിന്റെ തോത് ഏറിയും ഇറങ്ങിയും പ്രതിഫലിച്ചുവരുന്നു. അതിന്റെ ഭാഗമാണ് ഇക്കഴിഞ്ഞ ശമ്പളം, പെൻഷൻ വിതരണ കാലയളവിൽ ദൃശ്യമായ കറൻസി ക്ഷാമം. |
| (ബി) | വീണ്ടും നോട്ട് ക്ഷാമം ഉണ്ടാകാനുള്ള കാരണങ്ങൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ; | നോട്ട് ക്ഷാമം ഉണ്ടാകുവാനുള്ള പ്രധാന കാരണം അസാധുവാക്കിയ കറൻസിക്ക് തത്തുല്യമായ പുതിയ കറൻസി ലഭ്യമാക്കുവാൻ റിസർവ്വ് ബാങ്കിന് കഴിയാതിരിക്കുന്നതാണ്. കറൻസി ക്ഷാമവും ബാങ്കുകൾ പുതിയ സർവീസ് ചാർജ്ജുകളും പിഴകളും നിശ്ചയിച്ചതും നിമിത്തം ജനങ്ങൾ വൻതോതിൽ കറൻസി നോട്ടുകൾ കയ്യിൽ സൂക്ഷിക്കുന്ന സാഹചര്യം തള്ളിക്കളയാനാകില്ല. ഇതു കറൻസി നോട്ടുകളുടെ ഒഴുക്കിനെ തടയുന്നതിനും അതുവഴി കറാൻസിക്ഷാമത്തിനും കാരണമായിട്ടുണ്ടാകാം. |
| (സി) | നോട്ട് ക്ഷാമം പോലുള്ളവ സൃഷ്ടിക്കുന്ന കൃത്രിമ മാന്ദ്യത്തിൽനിന്നും സംസ്ഥാന സമ്പദ് വ്യവസ്ഥയെ സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും നിശ്ചലാവസ്ഥയിലാക്കുകയും സമ്പദ് വ്യവസ്ഥയെ മാന്ദ്യത്തിലേക്ക് തള്ളിയിടുകയും ചെയ്തിട്ടുള്ളതാണ്. പ്രസ്തുത മാന്ദ്യം തരണം ചെയ്യുന്നതിന് സർക്കാർ പദ്ധതികളിലൂടെയുള്ള ചെലവഴിക്കൽ വർദ്ധിപ്പിക്കുകയെന്നത് അത്യന്താപേക്ഷിതമായി കാണുന്നു. എന്നാൽ നോട്ട് അസാധുവാക്കൽ നികുതി വരുമാന ത്തിലുണ്ടാക്കിയ വൻ ഇടിവ് മേൽ ദിശയിലുള്ള പ്രവർത്തനത്തിന്റെ വ്യാപ്തിയെ സാരമായി ബാധിച്ചിട്ടുണ്ട്. പക്ഷേ ഈ പരിമിതമായ സാഹചര്യത്തിലും പരമാവധി പൊതുപണം സമ്പദ്ഘടനയിലേക്ക് ഒഴുക്കുന്നതിന് ആത്മാർത്ഥവും ഊർജ്ജിതവുമായ പരിശ്രമം സർക്കാർ നടത്തിയിരുന്നു. എന്നാൽ റിസർവ്വ് ബാങ്കിന്റെ നിയന്ത്രണങ്ങൾ മൂലം ട്രഷറിയിലെ ക്രയ വിക്രയങ്ങൾക്ക് തടസം നേരിട്ടു. ട്രഷറി ഇടപാടുകൾക്ക് ഏർപ്പെടുത്തിയ നിയന്ത്രണം മൂലം സംസ്ഥാനത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ വേഗത മന്ദീഭവിക്കുകയും സംസ്ഥാനത്തിന്റെ വികസന ക്ഷേമ പ്രവർത്തനങ്ങളെ മൊത്തത്തിൽ പിന്നോട്ടടിക്കുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും നിലവിലെ പ്രതിസന്ധി മറികടക്കുന്നതിന് ഹ്രസ്വകാല, ദീർഘകാല അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ സർക്കാർ കൈക്കൊണ്ടുവരുന്നു. |

സെക്ഷൻ ഓഫീസർ